LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ആയുർവ്വേദ മരുന്നുല്പാദന രംഗത്ത് ഒരു പ്രതിസന്ധി രൂപപ്പെട്ടുകയാണ്. ഒരു നല്ല കാര്യത്തിനുവേണ്ടി ചെയ്തതിന്റെ ആഫ്റ്റർ ഇഫക്ടാണിത്. അത് അടിയന്തരമായി പരിഹരിക്കണം. നമ്മുടെ ജൈവ വൈവിധ്യങ്ങളെ സംരക്ഷിക്കാനും കോർപ്പറേറ്റ് കത്തകകൾ അത് കൊണ്ടു പോകാതിരിക്കാനും ബയോ ഡൈവേഴ്സിറ്റി ബോർഡ് ഒരു നടപടി സ്വീകരിച്ചു. ആ നടപടി വരുന്നതോടുകൂടി ഇപ്പോൾ നമ്മുടെ നാട്ടിൽ ഈ രംഗത്തെ പരിണിതപ്രജ്ഞരായ ആയുർവ്വേദ മരുന്നുല്പാദകർക്കും മരുന്ന് തയ്യാറാക്കുന്ന പാരമ്പര്യ വൈദ്യന്മാർക്കും അതിന് കഴിയാത്ത സ്ഥിതിയാണുള്ളത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, 57 ആയുർവ്വേദ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ള മരുന്നുകളും അതിന്റേതായ ചേരുവകളും അനുസരിച്ചാണ് കേരളത്തിൽ ആയുർവ്വേദ മരുന്നുല്പാദനം നടത്തുവാൻ കഴിയുന്നത്. ഇങ്ങനെ ഒരു പ്രതിസന്ധി ഉള്ളതായി ആയുർവ്വേദ മേഖലയിലെ ആളുകൾ ചൂണ്ടിക്കാണിച്ചിട്ടില്ല. അങ്ങനെ ഒരു സാഹചര്യമുണ്ടെങ്കിൽ ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദ്യം നമ്പർ 62

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം

2(*62) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരാൾക്ക് നൽകിവരുന്നത്; വിശദമാക്കാമോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകി വന്നിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ?

പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ,

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി ഗ്രാമപ്രദേശങ്ങളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റിന് 75000 രൂപ നിരക്കിൽ 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റിന് 1.5 ലക്ഷം രൂപാ നിരക്കിൽ 4.5 ലക്ഷം രൂപയും കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റിന് 2 ലക്ഷം രൂപ നിരക്കിൽ 6 ലക്ഷം രൂപയുമാണ് നൽകിവരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിന് നൽകിയിരുന്ന ധനസഹായം ഗ്രാമപഞ്ചായത്തുകളിൽ 75,000 രൂപയും മുനിസിപ്പിലാറ്റികളിൽ 90,000 രൂപയും കോർപ്പറേഷനുകളിൽ ഒരുലക്ഷം രൂപയും വീതമായിരുന്നു. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനായി നൽകിവന്നിരുന്ന ധനസഹായം 1.25 ലക്ഷം രൂപയായിരുന്നു.

(സി&ഡി) ഭൂമിയുടെ വിലക്കയറ്റം കണക്കിലെടുക്കുമ്പോൾ ഭൂമി വാങ്ങുന്നതിനായി നൽകിവന്നിരുന്ന ഈ അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011 ആഗസ്റ്റിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 1.5 ലക്ഷം രൂപ, 1.75 ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന്, മുനിസിപ്പാലിറ്റികളിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 1.75 ലക്ഷത്തിൽ നിന്ന് 2 ലക്ഷമായും കോർപ്പറേഷനുകളിൽ 2 ലക്ഷം രൂപയിൽനിന്ന് 3 ലക്ഷമായും 2013 സെപ്റ്റംബറിൽ വർദ്ധിപ്പിച്ചിരുന്നു.

പട്ടികജാതിയിലെ ദുർബ്ബലവിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനായി നൽകിവന്നിരുന്ന ധനസഹായം 1.25 ലക്ഷത്തിൽ നിന്നും 2.5 ലക്ഷം രൂപയായി 2012 ഫെബ്രുവരിയിൽ വർദ്ധിപ്പിച്ചിരുന്നു.

തുടർന്ന് 2014 ഒക്ടോബറിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 3.75 ലക്ഷം, 4.5 ലക്ഷം, 6 ലക്ഷം രൂപ വീതമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതോടൊപ്പം പട്ടികജാതിയിലെ ദുർബലവിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനായി നൽകിവന്നിരുന്ന ധനസഹായം 2.5 ലക്ഷത്തിൽ നിന്നും 3.75 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പ്രസക്തമായ 3 സാമ്പത്തിക വർഷങ്ങളിലെ ധനസഹായ നിരക്ക് ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	2011-12		2013-14		2014-15	
	ഭൂമി	ധന സഹായം	ഭൂമി	ധന സഹായം	ഭൂമി	ധന സഹായം
പഞ്ചായത്ത്	3 സെന്റ്	1.5 ലക്ഷം	3 സെന്റ്	1.5 ലക്ഷം	5 സെന്റ്	3.75 ലക്ഷം
മുനിസിപ്പാലിറ്റി	1.5 സെന്റ്	1.75 ലക്ഷം	1.5 സെന്റ്	2 ലക്ഷം	3 സെന്റ്	4.5 ലക്ഷം
കോർപ്പറേഷൻ	1.5 സെന്റ്	2 ലക്ഷം	1.5 സെന്റ്	3 ലക്ഷം	3 സെന്റ്	6 ലക്ഷം

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : സർ, ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള തുക ഈ ഗവൺമെന്റ് വന്നതിനുശേഷം വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. ഭൂമി വാങ്ങുന്നതിന് ഗവൺമെന്റ് എന്തെല്ലാം മാനദണ്ഡങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഈ മാനദണ്ഡം ലംഘിച്ചുകൊണ്ട് ഭൂമി വാങ്ങുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, തീർച്ചയായും ഭൂമി വാങ്ങുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. നിലം, വയൽ തുടങ്ങി വീട് നിർമ്മിക്കാൻ ഉപകരിക്കുന്നതല്ലാത്ത ഭൂമി വാങ്ങുവാൻ പാടില്ലായെന്നും വാങ്ങുന്ന ഭൂമിയിലേക്ക് വഴിയുൾപ്പെടെ ഉണ്ടായിരിക്കണമെന്നും കർശനമായ നിബന്ധനകളുണ്ട്. ആ നിബന്ധനകൾ ലംഘിച്ചുകൊണ്ട് ഭൂമി വാങ്ങുന്നവർക്കെതിരെ ഗവൺമെന്റ് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : സർ, പട്ടികജാതി വിഭാഗക്കാരുടെ ലോണുകൾ എഴുതിത്തള്ളുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. അതിന്റെ നടപടി എത്രത്തോളമായി ; എത്ര ഗുണഭോക്താക്കളുടെ ലോൺ എഴുതിത്തള്ളിയെന്നുള്ളത് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം 2006 മാർച്ച് 31 വരെയുള്ള സഹകരണ സ്ഥാപനങ്ങളിലെയും എസ്.സി./എസ്.റ്റി. കോർപ്പറേഷനിലെയും അമ്പതിനായിരം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളിയിരുന്നു. 2010 മാർച്ച് 31 വരെയുള്ള ഒരുലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. അതിന്റെ നടപടികൾ പുരോഗമിച്ചു വരുകയാണ്. എത്രയും പെട്ടെന്ന് അതിനാ വശ്യമായ പണം അനുവദിക്കുന്നതാണ്.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, അങ്ങ് മന്ത്രിയായതിനുശേഷം മൂന്ന് വർഷക്കാലയളവിനുള്ളിൽ ഒട്ടേറെ കാര്യങ്ങൾ ഈ വകപ്പിൽ ചെയ്തിട്ടുണ്ട്. പ്രത്യേകിച്ച് ഭവനരഹിതരായ ആളുകൾക്ക് വീട് വാങ്ങുന്നതിനായി ഇപ്പോൾ മൂന്നുലക്ഷം രൂപ വരെ കൊടുക്കുന്നുണ്ട്. ഇപ്പോൾ കോർപ്പറേഷനുകളിൽ മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് ആറുലക്ഷം രൂപയാണ് കൊടുക്കുന്നത്. അത് വളരെ കുറഞ്ഞ തുകയാണ്. കാരണം, കോർപ്പറേഷനുകളിൽ ഈ തുക കൊണ്ട് ഒരു സെന്റ് ഭൂമിപോലും വാങ്ങിക്കാൻ കഴിയാത്ത സാഹചര്യമാണ്. അതുകൊണ്ട് നഗരപ്രദേശങ്ങളിലുള്ള പട്ടികജാതിക്കാർ കൂട്ടത്തോടുകൂടി ഗ്രാമപ്രദേശങ്ങളിൽ പോയിക്കൊണ്ടിരിക്കുകയാണ്. നഗരപ്രദേശങ്ങളിലുള്ള പട്ടികജാതിക്കാർക്ക് ജീവിക്കാൻ പറ്റാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. നഗര പ്രദേശങ്ങളിൽ ജനിച്ചുവളർന്ന ആളുകൾക്ക് അവിടെത്തന്നെ ജീവിക്കണമെന്നുണ്ടെങ്കിൽ ആറുലക്ഷം രൂപ വളരെ കുറവാണ്. അതുകൊണ്ട് അങ്ങ് എല്ലാ കാര്യങ്ങളിലും തുക വർദ്ധിപ്പിച്ചിട്ടുണ്ട്. വീട് പണിയുന്നതിനുള്ള തുക 75,000 രൂപയിൽ നിന്നും 3,00,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. നഗരപ്രദേശങ്ങളിലുള്ളവർക്ക് പ്രത്യേക പരിഗണന കൊടുത്തു കൊണ്ട് തുക വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഈ ഗവൺമെന്റ് വരുമ്പോൾ നഗരപ്രദേശങ്ങളിലുള്ളവർക്ക് ഭൂമി വാങ്ങുന്നതിനുള്ള തുക ഒരുലക്ഷം രൂപ ആയിരുന്നത് ആറുലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അത് അപര്യാപ്തമാണെന്നറിയാം. ഗവൺമെന്റിന് പരിമിതികളുണ്ട്. ആ പരിമിതിക്കകത്തു നിന്നുകൊണ്ട് പരമാവധി വർദ്ധനവാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്. ഇനി വരുംകാലങ്ങളിൽ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയുമോയെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അൻവർ സാദത്ത് : സർ, അങ്ങ് മന്ത്രിയായതിനുശേഷം വീട് വയ്ക്കാനും സ്ഥലം വാങ്ങാനുമുള്ള തുക വർദ്ധിപ്പിച്ച് കൊടുത്തിട്ടുണ്ട്. അതുപോലെ ആളുകൾക്ക് ചികിത്സാ സഹായം കൊടുക്കുന്ന കാര്യത്തിലൊന്നും യാതൊരു മടിയും അങ്ങ് കാണിക്കുന്നില്ല. കേരളത്തിൽ ഭൂമിയുടെ അപര്യാപ്തത വലിയ പ്രശ്നമാണ്. ഭൂമിയുടെ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ട് ഗവൺമെന്റ്/പഞ്ചായത്തുകൾ നേരിട്ട് ഭൂമി വാങ്ങിയശേഷം അവിടെ ഫ്ളാറ്റ് നിർമ്മിച്ച് കൊടുക്കുകയാണെങ്കിൽ വളരെ കുറച്ച് സ്ഥലം മാത്രമേ ആവശ്യമായി വരുകയുള്ളൂ. ഇന്ന് ഫ്ളാറ്റ് സംസ്കാരം നമ്മുടെ നാട്ടിലുണ്ട്. ഗവൺമെന്റും/പഞ്ചായത്തും കൂടി ഇനിഷ്യേറ്റീവ് എടുത്തുകൊണ്ട് ഫ്ളാറ്റ് നിർമ്മിച്ചുകൊടുക്കുവാനുള്ള പ്രോത്സാഹനം നൽകുമോ ; അതുപോലെ പല ആളുകളും ഭൂമി വാങ്ങുന്നതിന് വരുമ്പോൾ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ വെറുതെ ഓരോ കാരണങ്ങൾ പറഞ്ഞുകൊണ്ട് അവരെ നടത്തിക്കുകയാണ്. പല എസ്സി. കുടുംബാംഗങ്ങളും ഇക്കാര്യം ഞങ്ങളുടെ അടുത്തുവന്ന് പരാതി പറയാറുണ്ട്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ഭൂമിയുടെ ലഭ്യതക്കുറവ് വളരെ ശ്രദ്ധേയമാണ്. അതുകൊണ്ട് ഒരുമിച്ച് ഫ്ളാറ്റ് സംസ്കാരത്തിലേക്ക് പോവുകയെന്ന് പറയുന്നത് പൂർണ്ണമായും യോജിക്കാൻ കഴിയുന്ന കാര്യമല്ല. ഫ്ളാറ്റ് മതിയെന്ന് ആഗ്രഹിക്കുന്നവർക്ക് അത്തരത്തിലുള്ള ഫ്ളാറ്റ് നിർമ്മിച്ചു കൊടുക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കും. ഇന്ന് സ്വന്തമായി ഭൂമിയുള്ള പല സ്ഥലങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫ്ളാറ്റ് നൽകി വരുന്ന സാഹചര്യം കണ്ടുവരുന്നുണ്ട്. അത്തരത്തിൽ ആവശ്യക്കാർ മുന്നോട്ടുവരുന്നപക്ഷം ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. ബെന്നി ബെഹനാൻ : സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം വർദ്ധിപ്പിച്ചതായി മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഭൂമി വാങ്ങുന്നവർക്ക് അവിടെ വീടുകൾ വയ്ക്കണം. വീടുകൾ വയ്ക്കാനുള്ള സാമ്പത്തിക സഹായം സ്രോതപിക്കുന്നത് ബാങ്കുകളിൽനിന്നും പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നുമാണ്. അങ്ങനെ പട്ടികജാതി വികസന കോർപ്പറേഷനിൽനിന്നും സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പ എഴുതിത്തള്ളുന്നതിന്റെ പരിധി വർദ്ധിപ്പിക്കുമോ ; അതുപോലെ തന്നെ പട്ടികജാതി വികസനനയം രൂപീകരിക്കുമെന്ന് ഈ ഗവൺമെന്റ് നേരത്തേ പറഞ്ഞിരുന്നു. പട്ടികജാതി വികസനനയം രൂപീകരിച്ചിട്ടുണ്ടോ ? ആ വികസന നയത്തിലാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വിദേശത്ത് പോകുന്നതിനുള്ള തൊഴിൽ സഹായം ലഭിക്കുന്നതിനുള്ള സാമ്പത്തിക

പരിധി തീരുമാനിക്കുന്നത്. അതുപോലെ അമ്പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള ദമ്പതികൾക്ക് ആദ്യമായി പെൺകുട്ടി ഉണ്ടാകുമ്പോൾ വാത്സല്യ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് അവർക്ക് കൂടുതൽ ആനുകൂല്യം നൽകുന്നത്. ആയതിനാൽ പട്ടികജാതി വികസനനയം രൂപീകരണം ഏതുവരെയായി എന്നുള്ളത് വ്യക്തമാക്കാമോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, പട്ടികജാതി വികസനനയ രൂപീകരണത്തിന്റെ അവസാനഘട്ടത്തിലാണ്. സംഘടനാ നേതാക്കളുമായും ജനപ്രതിനിധികളുമായുള്ള ചർച്ചകൾ പൂർത്തീകരിച്ചു കഴിഞ്ഞു. എത്രയും പെട്ടെന്ന് നയം പ്രഖ്യാപിക്കാൻ കഴിയും. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച എല്ലാ കാര്യങ്ങളും ഈ നയവുമായി ബന്ധപ്പെട്ടല്ലാതെതന്നെ ഗവൺമെന്റ് പരിശോധിച്ചു വരുകയാണ്. പട്ടികജാതി വിഭാഗങ്ങൾക്ക് വീട് വാങ്ങുന്നതിന് ഗവൺമെന്റ് ഗ്രാന്റ് കൊടുക്കുന്നുണ്ട്, കോർപ്പറേഷനാണ് വായ്പ കൊടുക്കുന്നത്. അതോടൊപ്പംതന്നെ കോർപ്പറേഷനിൽ നിന്ന് എടുത്ത വായ്പ എഴുതിത്തള്ളുന്ന കാര്യം ഞാൻ നേരത്തേ സൂചിപ്പിച്ചു. സഹകരണ ബാങ്കുകളിൽ നിന്നുമുള്ള ലോൺ എഴുതിത്തള്ളുന്നതോടൊപ്പം കോർപ്പറേഷനിലെ ലോണും എഴുതിത്തള്ളുന്നതാണ്. മറ്റ് കാര്യങ്ങളെല്ലാം ഗവൺമെന്റ് പരിശോധിച്ചുവരുകയാണ്. എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, എന്റെ മണ്ഡലത്തിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ അര നൂറ്റാണ്ടിലേറെക്കാലമായി ഒരു പട്ടികജാതി കുടുംബം കുടിൽ കെട്ടി താമസിക്കുകയാണ്. അവർക്ക് ആ ഭൂമി പതിച്ചുകൊടുക്കുന്നില്ല. അതിന് കാരണമായി പറയുന്നത് അത് ഫോറസ്റ്റ് ലാന്റാണെന്നാണ്. റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ തുടങ്ങിയവയുണ്ടായിട്ടും ഭൂമി പതിച്ചുകൊടുക്കാതെ ഒരു പട്ടികജാതി കുടുംബത്തെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നത് ശരിയാണോ ? ഇക്കാര്യത്തെ സംബന്ധിച്ച് നിരവധി തവണ നിവേദനം തന്നിട്ടുണ്ടെങ്കിലും ഒരു നടപടിയും ഇന്നുവരെ ഉണ്ടായിട്ടില്ല. അത് പരിഹരിച്ചു കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. പട്ടികജാതി കുടുംബത്തിന് നീതി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഒരു പട്ടികജാതി കുടുംബത്തിന്റെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അക്കാര്യം ഗവൺമെന്റ് പരിശോധിച്ച് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിച്ച് നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച തുക കൊണ്ടും സ്ഥലം ലഭ്യമല്ലാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. അതുകൊണ്ട് പഞ്ചായത്തുകളിൽ കൂടുതൽ സ്ഥലം പട്ടികജാതി വിഭാഗത്തിന് പൊന്നുംവിലയ്ക്ക് എടുത്തു കൊടുക്കുന്നതിനുപകരം പഞ്ചായത്തുകൾക്ക് തുക കൊടുത്തുകൊണ്ട് സ്ഥലം വാങ്ങാനുള്ള എന്തെങ്കിലും പദ്ധതി പട്ടികജാതി വകുപ്പ് സ്വീകരിക്കുമോ; അങ്ങനെയാണെങ്കിൽ ഈ തുക കൊണ്ട് കൂടുതൽ സ്ഥലം വാങ്ങിക്കാനും കൂടുതൽ ആളുകൾക്ക് വിതരണം ചെയ്യാനും കഴിയും. ഓരോരുത്തർക്കും കൊടുക്കുന്നതിനേക്കാൾ നല്ലത് ഒരോ പഞ്ചായത്തിലും ഈ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വാങ്ങിക്കുന്നതാണ്. അതിനുള്ള സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, പഞ്ചായത്തുകളിൽ ഒരു സെന്റ് ഭൂമി വാങ്ങിക്കുന്നതിന് 25,000 രൂപയെന്നുള്ളത് 75,000 രൂപവരെയും കോർപ്പറേഷനിൽ ഒരു സെന്റിന് രണ്ടുലക്ഷം രൂപ വരെയും ഈ ഗവൺമെന്റ് വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും തുക അപര്യാപ്തമാണെന്ന് അറിയാം. നേരത്തെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റിന് പരിമിതികളുണ്ട്. പക്ഷെ, പഞ്ചായത്തുകൾക്ക് കൂടുതൽ പണം നൽകി അവിടെ ഭൂമി വാങ്ങുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചിട്ടില്ല. ത്രിതല പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിന്റെ ഭാഗമായി ഗവൺമെന്റ് തുക നൽകുന്നുണ്ട്. പഞ്ചായത്തിന് അതിന്റേതായ അധികാരങ്ങളുണ്ട്. ആ അധികാരങ്ങൾ വച്ചുകൊണ്ട് പഞ്ചായത്തിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്. പഞ്ചായത്തുകൾക്ക് പണം നൽകി കൂടുതൽ ഭൂമി വാങ്ങുന്ന കാര്യം ഗവൺമെന്റ് ഇതുവരെ അലോചിച്ചിട്ടില്ല.

ശ്രീ. കെ. രാജു : സർ, പല സ്കീമുകളിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാതെ കിടക്കുന്ന പട്ടികജാതി വിഭാഗക്കാരുടെ വീടുകൾക്കുള്ള പണം അവർ യഥാർത്ഥത്തിൽ കൈപ്പറ്റിയതാണ്. അന്ന് പണം തികയാത്തതുകൊണ്ട് ആ വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ആ വീടുകളെക്കൂടി ഉൾപ്പെടുത്തി, എസ്റ്റിമേറ്റ് തയ്യാറാക്കി പൂർത്തീകരിക്കുന്നതിന് അനുവാദം നൽകുമോ ? അതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ആളുകൾക്ക് നൽകുമോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി വീടിനുവേണ്ടി പണം കൊടുത്തുകൊണ്ടിരിക്കുന്നു. കൊടുത്തുകൊണ്ടിരിക്കുന്ന പണത്തിന്റെ അപര്യാപ്തതകൊണ്ട്

പലപ്പോഴും ആ വീടുകൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല. അങ്ങനെ പൂർത്തീകരിക്കാത്ത ആയിരക്കണക്കിന് വീടുകൾ ഇന്നുണ്ട്. ഇപ്പോൾ മൂന്നുലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ഈ വർദ്ധിപ്പിച്ച മൂന്നുലക്ഷം രൂപയ്ക്ക് ആനുപാതികമായി പണം കൊടുത്തുകൊണ്ട് 2007-2008 മുതൽ പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ ഗവൺമെന്റ് എടുത്തുവരുകയാണ്.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ധാരാളം പ്രോജക്ടുകൾ നടപ്പിലാക്കിക്കൊണ്ട് അവർക്ക് എല്ലാ രംഗങ്ങളിലും പുരോഗതി കൈവരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം ഈ ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്. പഴയ കാലങ്ങളിൽ എസ്സി./എസ്റ്റി. വിഭാഗത്തിന് വീട് നിർമ്മിക്കുന്നതിനായി നൽകിയിരുന്ന ഫണ്ട് വളരെ അപര്യാപ്തമായിരുന്നതുകൊണ്ട് പല വീടുകളും ഇന്ന് പൂർത്തിയാകാതെ കിടക്കുകയാണ്. പഞ്ചായത്തുകളിലെ കണക്കുകൾ പരിശോധിച്ചാൽ ഇങ്ങനെയുള്ള ധാരാളം വീടുകളുടെ കണക്കുകൾ കാണാൻ സാധിക്കും. ആവശ്യമായ ഫണ്ട് നൽകി അത്തരം വീടുകൾ പൂർത്തിയാക്കി സമ്പൂർണ്ണ ഭവന പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുമോ ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. രണ്ട് കാര്യങ്ങൾ കൂടി മുന്നിൽ കണ്ടുകൊണ്ടാണ് പുതിയൊരു പദ്ധതി കൊണ്ടുവന്നത്. മെയിന്റനൻസിനുവേണ്ടി 50,000 രൂപ കൊടുക്കാൻ തീരുമാനിച്ചു. ഇത് പുതിയ സ്കീമാണ്. പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് 2008 മുതൽ മൂന്നുലക്ഷം രൂപയ്ക്ക് ആനുപാതികമായി പണം കൊടുക്കുകയും അതോടൊപ്പം 50,000 രൂപ മെയിന്റനൻസിന് ഗ്രാന്റ് കൊടുക്കുകയും ചെയ്യുന്നുണ്ട്. പൂർത്തീകരിക്കാത്ത വീടുകൾ പരമാവധി പൂർത്തീകരിക്കുന്നതിനുള്ള ഒരു സ്പെഷ്യൽ ഡ്രൈവ് തന്നെ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u> : സർ, ബഹുമാന്യനായ മന്ത്രി സഭയിൽ നൽകിയ ഉറപ്പിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഉപയോഗയോഗ്യമല്ലാത്ത സ്ഥലങ്ങളാണ് ഭവനനിർമ്മാണത്തിനു വേണ്ടി വാങ്ങുന്നതെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞതിനെ പൂർണ്ണമായും ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്റെ മണ്ഡലത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയ വയൽ എസ്സി. ഡിപ്പാർട്ട്മെന്റ് പട്ടികജാതി

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽപ്പെട്ട ആളുകൾക്കുവേണ്ടി വാങ്ങുകയുണ്ടായി. ഇതുസംബന്ധിച്ച് അവിടത്തെ മുനിസിപ്പാലിറ്റിയും എം.എൽ.എ. എന്ന നിലയിൽ ഞാനും കളക്ടർക്ക് പരാതി കൊടുത്തു. കളക്ടർ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നീക്കം നടത്തുകയാണ്. അതേസമയം ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മൂന്ന് സെന്റോ അഞ്ച് സെന്റോ ഭൂമി ഈ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെങ്കിൽപ്പോലും വാങ്ങാമെന്നാണ് വ്യവസ്ഥയെന്ന് പറയുന്നു. സ്വാഭാവികമായും സംഭവിക്കാൻ പോകുന്നത്, ഒരു വീട് വയ്ക്കാൻ മൂന്നുലക്ഷം രൂപ മാത്രം കൊടുക്കുമ്പോൾ, മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്ന വയൽ എസ്സി. വിഭാഗത്തിനുവേണ്ടി ഡിപ്പാർട്ട്മെന്റ് പണം കൊടുത്ത് വാങ്ങിക്കഴിഞ്ഞിരിക്കുന്നതു കാരണം ഒരു കാരണവശാലും അവിടെ വീട് പണിയാൻ സാധിക്കുകയില്ല. ദയവുചെയ്ത് അങ്ങ് ഈ സഭയിൽപ്പറഞ്ഞ ഉറപ്പ് പാലിക്കണം. എന്റെ മണ്ഡലത്തിലെ പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കുവേണ്ടി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട വയൽ വാങ്ങിയ നടപടി റദ്ദ് ചെയ്യാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

. ശ്രീ. എ. പി. അനിൽ കുമാർ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ എസ്സി. ഡിപ്പാർട്ട്മെന്റ് നേരിട്ട് ഭൂമി വാങ്ങാറില്ല. ഗുണഭോക്താവ് ഭൂമി വാങ്ങിയാൽ ആ ഭൂമി നെൽവയലാണോ, അവിടെ വഴിയുണ്ടോ എന്നീ കാര്യങ്ങൾ എസ്സി. ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ പരിശോധിച്ച് കൊടുക്കുന്ന പതിവാണുള്ളത്. ഡിപ്പാർട്ട്മെന്റ് ഒരുമിച്ച് സ്ഥലം വാങ്ങിക്കൊടുക്കുന്ന സംവിധാനമില്ല. ഏതായാലും ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജക മണ്ഡലത്തിൽ എന്താണ് സംഭവിച്ചതെന്ന് പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടി എടുക്കുന്നതാണ്.

ശ്രീ. റ്റി. യു. കുരുവിള : സർ, ഫെയർ വാല്യൂ അമ്പത് ശതമാനം വർദ്ധിപ്പിച്ചിരിക്കുകയാണ്. അതനുസരിച്ച് ഇപ്പോൾ കൊടുക്കുന്ന തുകകളൊന്നും തികയുന്നില്ല. കാരണം അമ്പത് ശതമാനം ഫെയർ വാല്യൂ കൂടിയതനുസരിച്ച് ആധാരമെഴുത്തിനൊക്കെ കൂടുതൽ ചെലവുകൾ വരുന്നുണ്ട്. അതുകൊണ്ട് കുറച്ചുകൂടി തുക വർദ്ധിപ്പിക്കാനുള്ള സന്മനസ്സുണ്ടാകുമോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് പ്രാവശ്യം വർദ്ധിപ്പിച്ചു. ഗ്രാമപ്രദേശങ്ങളിൽ ഒരു സെന്റ് ഇരുപത്തി അയ്യായിരം രൂപ എന്നുള്ളത് അമ്പതിനായിരം രൂപയും പിന്നീട് എഴുപത്തി അയ്യായിരം

LIBRARY ARCHIVES Kerala Legislative Assembly

രൂപയുമാക്കി. മാത്രമല്ല മൂന്ന് സെന്റ് ഭൂമി മാത്രമാണ് കൊടുത്തിരുന്നത്. മൂന്ന് സെന്റ് ഭൂമിയെന്നു പറയുന്നത് വളരെ അപര്യാപ്തമാണ്. വീട് വച്ചുകഴിഞ്ഞാൽ പിന്നീട് മുറ്റംപോലും ഇല്ലാത്ത അവസ്ഥയായിരിക്കും. അതുകൊണ്ട് എഴുപത്തി അയ്യായിരം രൂപ നിരക്കിൽ അഞ്ച് സെന്റ് ഭൂമി വരെ വാങ്ങാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. അത് ഈ വർഷമാണ് എടുത്തിട്ടുള്ളത്. ഇനി അത് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുള്ള കാര്യമാണ്.

<u>ശ്രീ. ബി. സത്യൻ</u> : സർ, ഭവനനിർമ്മാണവും ഭൂമി വാങ്ങുന്നതും സംബന്ധിച്ചുള്ളത് വളരെ ഗൗരവമായ വിഷയമാണ്. ഭൂമിക്കുവേണ്ടിയും വീടിനു വേണ്ടിയും ആളുകൾ അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. ഇന്നിപ്പോൾ സ്ഥലംവാങ്ങുന്നതിന് അനുവദിക്കപ്പെട്ട തുകകൾ പരിമിതമാണെന്നുമാത്രമല്ല വാസയോഗ്യമായിട്ടുള്ള സ്ഥലങ്ങൾ ലഭിക്കാൻ പ്രയാസവുമുണ്ട്. അതുകൂടാതെ ഭൂമി വാങ്ങുമ്പോൾ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ വലിയ തുക ചെലവാകുന്നുമുണ്ട്. ഇത് മുൻകാലങ്ങളിൽ ഒഴിവാക്കിക്കൊടുത്തതാണ്. ആ തുക അടയ്ക്കേണ്ട ഒരവസ്ഥ വരുന്നു. കുടിവെള്ളം, വൈദ്യുതി, ഗതാഗത സൗകര്യം എന്നിവയെല്ലാമുള്ള സ്ഥലങ്ങൾ കണ്ടെത്തുന്നതിനും അത് വാങ്ങുന്നതിനും കഴിയുന്ന നിലയിലുള്ള പ്രായോഗികമായ ഒരു നിർദ്ദേശവും അതിനെ അടിസ്ഥാനപ്പെടുത്തി വകുപ്പിന്റേയും കൂടി ഒരിടപെടലും ഉണ്ടാക്കിയെടുക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ ? സമഗ്രമായ ഒരു ഭവനനിർമ്മാണ പദ്ധതിയും ഭൂമി വാങ്ങുന്നതിനുള്ള പദ്ധതിയും ആവിഷ്കരിക്കുമോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, വീട് വയ്ക്കാൻ ഭൂമി വാങ്ങുന്നതിന് വ്യക്തികളുടെ താല്പര്യം കൂടി കണക്കിലെടുക്കണമെന്നുള്ള നിലപാടാണ് ഗവൺമെന്റിനുള്ളത്. അതുകൊണ്ട് എവിടെയാണ് ഭൂമി വാങ്ങേണ്ടതെന്ന് തീരുമാനിക്കുന്നത് ഗുണഭോക്താവാണ്. അതോടൊപ്പം വാങ്ങുന്നത് ശരിയായ ഭൂമിയാണോ, വയലാണോ എന്നുള്ള മറ്റ് കാര്യങ്ങൾ നോക്കുന്നത് ഉദ്യോഗസ്ഥന്മാരാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള കാര്യങ്ങൾ കൂടുതൽ ഫലപ്രദമായി എങ്ങനെ ചെയ്യാൻ കഴിയുമെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. റ്റി. ബൽറാം : സർ, ഭവനനിർമ്മാണകാര്യത്തിലടക്കം ധാരാളം കാര്യങ്ങൾക്ക് പുരോഗതി കൈവരിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ഗവൺമെന്റ് കൊണ്ടുവന്ന സ്വയംപര്യാപ്ത ഗ്രാമ പദ്ധതി. ഒരുകോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഒരു കോളനിയിൽ നടത്തുകയാണ്. പക്ഷേ പല അക്രഡിറ്റഡ് ഏജൻസികളും ഏറ്റെടുത്ത പദ്ധതികൾ ഇഴഞ്ഞ് നീങ്ങുന്ന എന്നുള്ള സാഹചര്യം ഇവിടെ നിലനിൽക്കുകയാണ്. ഇത് സമഗ്രമായി സംസ്ഥാനാടിസ്ഥാനത്തിൽ വിലയിരുത്താനും അപാകതകൾ പരിഹരിക്കാനുമുള്ള നീക്കം ഗവൺമെന്റ് നടത്തും. പട്ടികജാതിക്കാർക്കുവേണ്ടി ആവിഷ്കരിച്ച മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുണ്ട്. എന്റെ നിയോജകമണ്ഡലത്തിലടക്കം മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ലക്ഷക്കണക്കിന് രൂപ ചെലവാക്കി അദ്ധ്യാപകർക്ക് താമസിക്കാനുള്ള ക്വാർട്ടേഴ്സ് നിർമ്മിച്ചിട്ടുണ്ട്. വർഷങ്ങളായിട്ടും അവിടെ അദ്ധ്യാപകർ താമസിക്കുന്നില്ല. ഇത്തരം സാഹചര്യത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ യഥാർത്ഥ മാതൃകാ സ്കൂളുകളാക്കാനും അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്താനുമുള്ള ഏതെങ്കിലും പദ്ധതി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, എസ്സി. ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ നവീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചുവരുന്നു. അതോടൊപ്പം അദ്ദേഹം സൂചിപ്പിച്ചതുപോലെ തൃത്താല മോഡൽ റെസിഡൻഷ്യൽ സ്കൂൾ, പാലക്കാട് മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയും ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം : സർ, സ്വയംപര്യാപ്ത ഗ്രാമപദ്ധതിയുടെ മീറ്റിംഗിൽ ഞങ്ങൾ പങ്കെടുത്തതാണ്. തയ്യൽ മെഷീന്റെ യൂണിറ്റിനുവേണ്ടിയുള്ള അപേക്ഷ കൊടുത്തു. അതിന് ഡയറക്ടറുടെ മറുപടി അമ്പത് ശതമാനം മാത്രമേ തരാൻ കഴിയുകയുള്ളൂ എന്നാണ്. ചെറുപ്പക്കാർ ആട്ടോറിക്ഷയ്ക്കുവേണ്ടി അപേക്ഷ കൊടുത്തപ്പോൾ അവർക്കും അമ്പതിനായിരം രൂപ മാത്രമേ തരാൻ കഴിയുകയുള്ളുവെന്ന് മറുപടി വന്നു. വീടിന്റെ അറ്റകുറ്റപ്പണിക്ക് 47,000 രൂപ വച്ച് കൊടുത്തപ്പോൾ 25,000 രൂപ മാത്രമേ തരാൻ കഴിയുകയുള്ളൂ എന്നാണ് മറുപടി വന്നത്. വകപ്പിന്റെ മാനദണ്ഡങ്ങൾ മാത്രമേ സ്വയംപര്യാപ്ത ഗ്രാമപദ്ധതിയിൽ നടപ്പാക്കാൻ കഴിയൂ പിന്നെ എന്തിനാണ് ഇങ്ങനെയൊരു പദ്ധതി ? പക്ഷേ, പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റ് നടത്തുന്ന പദ്ധതിയിൽ ഗ്രാമസഭ തീരുമാനിക്കുന്ന കാര്യങ്ങൾ നിയമത്തിനുള്ളിൽ

നിന്നുകൊണ്ട് ചെയ്യാൻ കഴിയും. അതുകൊണ്ട് അങ്ങ് മുൻകയ്യെടുത്ത് ഈ സ്വയംപര്യാപ്ത ഗ്രാമപദ്ധതി ഗ്രാമസഭയുടെ തീരുമാനമനുസരിച്ച് നിയമത്തിനുള്ളിൽ നിന്നുകൊണ്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, സ്വയംപര്യാപ്ത ഗ്രാമത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം വി. റ്റി. ബൽറാം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ആവിഷ്കരിച്ചിട്ട് രണ്ടു വർഷം കഴിഞ്ഞു. ഏതാണ്ട് 215 സ്വയംപര്യാപ്ത ഗ്രാമങ്ങളിലാണ് ഇപ്പോൾ പ്രവൃത്തി നടക്കുന്നത്. ചില സ്ഥലങ്ങളിൽ നൂറുശതമാനവും മറ്റ് ചില സ്ഥലങ്ങളിൽ അമ്പത് ശതമാനവും പൂർത്തിയാക്കിക്കഴിഞ്ഞു. എന്നാലും ആറുമാസം കൊണ്ട് വളരെ നല്ല പുരോഗതി അതിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഗവൺമെന്റ് അതിനകത്ത് പരമാവധി വേഗം കൂട്ടുവാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ചില നിബന്ധനകൾ അതിൽ വച്ചിട്ടുണ്ട്. അങ്ങനെ വയ്ക്കാനുള്ള കാരണം പല സ്ഥലങ്ങളിലും ഒരുകോടി രൂപ കൊടുത്താൽ അതു മുഴുവൻ വീട് നിർമ്മാണം നടത്തണം അതല്ലെങ്കിൽ മെയിന്റനൻസ് നടത്തണം. അത്തരം കാര്യങ്ങളിലേക്ക് പോകുകയാണ്. അതുകൊണ്ട് അത്തരം കാര്യങ്ങൾ ലിമിറ്റ് ചെയ്ത് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഉൾപ്പെടെ അതിനകത്ത് വരണമെന്നുള്ളതു കൊണ്ടാണ് ചില നിബന്ധനകൾ നൽകിയിട്ടുള്ളത്. ആ നിബന്ധനകൾ മുന്നോട്ടുള്ള പ്രവർത്തനത്തിന് വിഘാതമാണെന്നുണ്ടെങ്കിൽ ഗവൺമെന്റ് അത് തീർച്ചയായും പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ. അജിത്</u> : സർ, ഞാനിവിടെ സൂചിപ്പിക്കുന്നത് ഫെയർ വാല്യുവിനു താഴെയാണ് ഭൂമി വാങ്ങുന്നതിനുള്ള പണം വച്ചിരിക്കുന്നത് എന്നതാണ്. എറണാകുളം പോലെയുള്ള നഗരങ്ങളിൽ സ്ക്വയർഫീറ്റ് അനുസരിച്ചാണ് ഭൂമിക്ക് വില നിശ്ചയിക്കുന്നത്. അവിടെയുള്ള പട്ടികജാതിക്കാർ മുഴുവൻ തൊട്ടടുത്തുള്ള മറ്റു സ്ഥലങ്ങളിൽ മാറിത്താമസിച്ചുകൊണ്ടിരിക്കുകയാണ്. ഫെയർ വാല്യു നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലുള്ള തുകയെങ്കിലും കൊടുക്കേണ്ടതാണ്. നഗരപ്രദേശങ്ങളിലെ പട്ടികജാതിക്കാർ ഗ്രാമപ്രദേശങ്ങളിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ ഗ്രാമപ്രദേശങ്ങളിലും മുനിസിപ്പാലിറ്റിയിലും ഒരുലക്ഷം രൂപയ്ക്കു മുകളിലാണ് ഫെയർ വാല്യു വന്നിരിക്കുന്നത്. അങ്ങനെ വരുമ്പോൾ 75000 രൂപ കൊടുക്കാൻ തീരുമാനിച്ചാൽ ഒരിക്കലും ഭൂമി വാങ്ങാൻ അവർക്ക് സാധിക്കുകയില്ല. അതുകൊണ്ട് അതിന് തത്തുല്യമായ തുക വകയിരുത്താനുള്ള നടപടിയുണ്ടാകണം. രണ്ടാമത്തെ വിഷയം, ആറ്റുതീരങ്ങളിലും വയൽ തീരങ്ങളിലും പുഴയുടെ തീരങ്ങളിലും കായൽ തീരങ്ങളിലും താമസിക്കുന്ന പട്ടികജാതിക്കാർ ഉൾപ്പെടെയുള്ള ആളുകൾക്ക് പട്ടയം കൊടുക്കാനുള്ള നടപടിയുമുണ്ടാകണം. അവർക്ക് പട്ടയം കൊടുക്കുന്നില്ല. അതിനുവേണ്ടിയുള്ള നിയമനിർമ്മാണം ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഭൂമി വാങ്ങുന്ന കാര്യത്തിൽ ഒരു ഗവൺമെന്റും മുൻകാലത്ത് എടുക്കാത്ത രീതിയിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ഒരു സെന്റ് ഭൂമിക്ക് 25,000 രൂപയായിരുന്നത് രണ്ടു പ്രാവശ്യം വർദ്ധിപ്പിച്ചു കൊണ്ട് ഒരു സെന്റ് ഭൂമിക്ക് 75,000 രൂപയാണ് നൽകുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൂന്ന് സെന്റ് ഭൂമിക്കാണ് 75,000 രൂപ കൊടുത്തിരുന്നത്. ഇപ്പോൾ ഒരു സെന്റിന് 75,000 രൂപയായി വർദ്ധിപ്പിച്ചു. ഇനിയും വർദ്ധിപ്പിക്കണമെന്നുള്ള ആഗ്രഹം നമുക്കുണ്ടെങ്കിലും സാമ്പത്തിക പരിമിതിയുണ്ട്. വലിയ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. ഏതായാലും ഫെയർ വാല്യൂവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട അംഗത്തിനറിയാം, ഞാനിവിടെ പറയേണ്ട കാര്യമില്ല. ഗവൺമെന്റ് പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽനിന്നു കൊണ്ട് മാത്രമേ ചെയ്യാൻ കഴിയൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദ്യം നം. 63-ഉം 87-ഉം ക്ലബ്ബ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരുപോലെയുള്ള ചോദ്യമായതുകൊണ്ട് രണ്ടു ചോദ്യങ്ങളും ക്ലബ് ചെയ്യുകയാണ്.

അട്ടപ്പാടിയിലെ ശിശുമരണം

3(*63) ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. എം. ഹംസ :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്തൊക്കെ വീഴ്ചകൾ കൊണ്ടാണ് അട്ടപ്പാടിയിൽ ശിശുമരണം ആവർത്തിക്കുന്നതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തരമായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ ?